LIBRARY ARCHIVES Kerala Legislative Assembly

**രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺയോജന**

**90(2342) ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ് :** താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതൊക്കെ ജില്ലകളിലായി എത്ര പദ്ധതികൾ ഏറ്റെടുത്തു ; എത്രയെണ്ണം പൂർത്തിയാക്കി ; എന്തു തുക ചെലവഴിച്ചു എന്നു വ്യക്തമാക്കുമോ ?

ഉത്തരം

രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇടുക്കി ജില്ലയിൽ പദ്ധതി പ്രവൃത്തികൾ പൂർത്തീകരിച്ചു. കാസർഗോഡ്, കണ്ണൂർ, വയനാട്, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിൽ പദ്ധതി പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള ഉത്തരവ് ടെൺകീ കോൺട്രാക്ടർമാർക്ക് നൽകി. പദ്ധതിയുടെ സർവ്വേ നടപടികൾ പൂർത്തിയായി വരുന്നു. മലപ്പുറം ജില്ലയിൽ പദ്ധതി പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. ഇടുക്കി ജില്ലയിൽ പദ്ധതി പൂർത്തീകരിക്കുന്നതിനായി ഇതുവരെയായി ആകെ 16.48 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

**ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചു നൽകുവാൻ നടപടി**

**91(2343) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യാധീനപ്പെട്ട ഭൂമി പിടിച്ചെടുത്ത് ആദിവാസികൾക്ക് മടക്കി നൽകണമെന്ന സുപ്രീംകോടതിയുടെ 2009-ലെ വിധിയുടെ അടിസ്ഥാനത്തിൽ ഇതിനകം കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ് ;

(ബി) വിധി നടപ്പാക്കുന്നതിന് സമയം നീട്ടി ചോദിച്ചുകൊണ്ട് സുപ്രീം കോടതിയെ സമീപിക്കുകയുണ്ടായോ ; എങ്കിൽ അത് അനുവദിച്ചു കിട്ടിയോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) സംസ്ഥാനത്തൊട്ടാകെ ഭൂമി നൽകുന്നതുമായി ബന്ധപ്പെട്ട് ഇപ്പോൾ എത്ര കേസുകൾ നിലവിലുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) ഈ സർക്കാരിന്റെ കാലപരിധിക്കുള്ളിൽ അർഹരായ മുഴുവൻ ആദിവാസികൾക്കും ഭൂമി നൽകാനാവുമെന്ന് കരുതുന്നുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?